.

ഭരണഭാഷ മാതൃഭാഷ


# കേരള സംസ്ഥാന യുവജന കമ്മീഷൻ

**വികാസ് ഭവൻ തിരുവനന്തപുരം- 695003**

**ഫോൺ 0471 2308630 ഫാക്സ് 0471 2308530**


## കേരള സംസ്ഥാന യുവജന കമ്മീഷൻ 22-10-2019 ന് പുറപ്പെടുവിക്കുന്ന ഉത്തരവ്

**സന്നിഹിതർ : കുമാരി ചിന്താ ജെറോം, (ചെയർപേഴ്സൺ)**

**ശ്രീ.വിനിൽ വി (കമ്മീഷനംഗം)**

**ശ്രീ.കെ.മണികണ്ഠൻ (കമ്മീഷനംഗം)**

**ശ്രീമതി.വിദ്യ കെ കെ (കമ്മീഷനംഗം)**

**ശ്രീമതി.ഷജീറ കെ.പി (കമ്മീഷനംഗം)**

**കേസ് നമ്പർ : നം. 1090/എ2/2018/കേ.സം.യു.ക.**

| പരാതി കക്ഷി | എതിർ കക്ഷി |
|---|---|
| **പ്രമോദ് പി** | **മാനേജർ** |
| പവിത്രം | യൂത്ത് ഹോസ്റ്റൽ |
| കാരാളി ജംഗ്ഷൻ പി.ഓ | വേളി, മാധവപുരം -വേളി |
| ശാസ്താംകോട്ട, കൊല്ലം. | തിരുവനന്തപുരം. |

പരാതികക്ഷി എതിർകക്ഷിയുടെ സ്ഥാപനത്തിൽ റൂം ബോയ് കം പ്യൂൺ തസ്തികയിൽ 2002 മുതൽ ജോലി ചെയ്തു വരുന്നയാളാണ്. പകലും രാത്രിയുമായുള്ള നിലവിലെ ഡ്യൂട്ടി സമയം ക്രമീകരിക്കണമെന്നതാണ് പരാതിയിലെ ആവശ്യം. ഡ്യൂട്ടി സമയം ക്രമീകരിച്ച് നല്കുന്നതിനായി എതിർകക്ഷിക്കും യുവജനക്ഷേമ വകുപ്പ് സെക്രട്ടറിയ്ക്കും അപേക്ഷ നല്കിയിട്ടും നടപടിയൊന്നും സ്വീകരിച്ചിട്ടില്ലായെന്നും വൃദ്ധരും രോഗികളുമായ മാതാപിതാക്കന്മാരുടെ സംരക്ഷണ ചുമതല കൂടി ഉള്ളതിനാൽ നിലവിലെ ഡ്യൂട്ടി സമയം ക്രമീകരിച്ച് തരണമെന്ന് കമ്മീഷൻ മുൻപാകെ സമർപ്പിച്ച പരാതിയിൽ ആവശ്യപ്പെട്ടു. പരാതിയിന്മേൽ എതിർകക്ഷിയുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. നേർവിചാരണയ്ക്കായി ഹാജരാകാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും എതിർകക്ഷി ഹാജരായിട്ടില്ലാത്തതാണ്. ടി സാഹചര്യത്തിൽ കമ്മീഷൻ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

# <u>ഉത്തരവ്</u>

വേളി യൂത്ത് ഹോസ്റ്റലിന്റെ നടത്തിപ്പിന് ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ പരാതിക്കാരന്റെ ജീവിത സാഹചര്യം കൂടി കണക്കിലെടുത്ത് ഡ്യൂട്ടി സമയം ക്രമീകരിക്കുന്നതിന് എതിർകക്ഷിക്ക് നിർദ്ദേശം നല്കുന്നതിന് ഹോസ്റ്റൽ മാനേജ്മെന്റ് കമ്മിറ്റി ചെയർമാന് നിർദ്ദേശം നല്കികൊണ്ട് ഉത്തരവാകുന്നു.

(ഒപ്പ്)

**ചെയർപേഴ്സൺ**

**സെക്രട്ടറി**

<u>പകർപ്പ്</u>

**ചെയർമാൻ**
ഹോസ്റ്റൽ മാനേജ്മെന്റ് കമ്മിറ്റി
&
**പ്രിൻസിപ്പൽ സെക്രട്ടറി**
കായിക യുവജനകാര്യ വകുപ്പ്.